(ഇ) ഈ ഫയലുകൾ റെിജിനേറ്റു ചെയ്തത് ഏത് വിധത്തിലായിരുന്നു ;

(എഫ്) ആഡിറ്റ് റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ള ഇത്തരം എത്ര ഫയലുകൾ ഉണ്ടായിരുന്നു ;

(ജി) ആരെല്ലാം ഗവൺമെന്റിന് എന്തു തുകവീതം നഷ്ടം വരുത്തിയതു സംബന്ധിച്ചായിരുന്നു ഈ ഫയലുകൾ ;

(എച്ച്) ആഡിറ്റ് അധികാരികളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു ഈ ഫയലുകൾ പുനഃസൃഷ്ടിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ ;

(ഐ) ഇല്ലെങ്കിൽ എന്തുകാണ്ട് ;

(ജെ) ഈ ഫയലുകൾ ഉടനടി പുനഃസൃഷ്ടിച്ച് നടപടി തുടങ്ങുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ജെ) വിവരം ശേഖരിച്ചു വരുന്നു.

വ്യാജമദ്യദുരന്തം വ്യാപിക്കുവാനുണ്ടായ കാരണം

73 (1323) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമദ്യദുരന്തം വ്യാപിക്കുവാനുണ്ടായ കാരണം കണ്ടുപിടിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അടുത്ത കാലത്തുണ്ടായ വ്യാജമദ്യദുരന്തത്തെക്കുറിച്ച് അന്വേഷണം നടന്നു വരുന്നുണ്ട്. അന്വേഷണം പൂർത്തിയായശേഷമേ കാരണം അറിയാൻ കഴിയൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഓംബുഡ്സ്മാനിലെ അംഗങ്ങൾ

74 (1325) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഓംബുഡ്സ്മാനിൽ എത്ര അംഗങ്ങൾ ഉണ്ട്; ആരെല്ലാം ;

(ബി) ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്നതിനു മുമ്പ് ഇവർ വഹിച്ചിരുന്ന സ്ഥാനമെന്ത് ;

(സി) ഇവരുടെ പ്രതിമാസ ശമ്പളം, അലവൻസ് മറ്റാനുകൂല്യങ്ങൾ എന്നിവ എത്ര വീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർ ഓരോരുത്തരും ശമ്പളം, അലവൻസ്, മറ്റാനുകൂല്യങ്ങൾ, പെട്രോൾ അലവൻസ്, ടി. എ., ഡി. എ. എന്നീ ഓരോയിനത്തിലും ഇതുവരെ എന്തു തുക വീതം പറ്റിയിട്ടുണ്ട് ;

(ഇ) ജനകീയാസൂത്രണത്തിലെ അഴിമതിയെപ്പറ്റി ഓംബുഡ്സ്മാൻ മുമ്പാകെ എത്ര കേസുകൾ വന്നു ;

(എഫ്) അതിൽ എത്രയെണ്ണത്തിൻമേൽ തീരുമാനമെടുത്തു ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ട ഓംബുഡ്സ്മാനിൽ ഏഴ് അംഗങ്ങളുണ്ട്.

1. ജസ്റ്റിസ് പി. എ. മുഹമ്മദ്
2. ശ്രീ. മൊയ്തു അഹമ്മദ് നിസാർ
3. ശ്രീ. പി. എസ്. ദിവാകരൻ
4. ശ്രീ. ഡി. ബാബുപോൾ
5. ശ്രീ. കെ. മോഹനചന്ദ്രൻ
6. പ്രൊഫ. ടി. വി. ബാലൻ
7. പ്രൊഫ. ആർ. ബാലകൃഷ്ണൻ നായർ

(ബി) ജസ്റ്റിസ് ശ്രീ. പി. എ. മുഹമ്മദ് ഹൈക്കോടതി ജഡ്ജിയായും, ശ്രീ. മൊയ്തു അഹമ്മദ് നിസാർ കേരള സർക്കാരിന്റെ നിയമവകുപ്പു സെക്രട്ടറിയായി കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരുന്ന ജില്ലാ ജഡ്ജിയായും, ശ്രീ. പി. എസ്. ദിവാകരൻ ഹൈക്കോടതി രജിസ്ട്രാറുടെ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരുന്ന ജില്ലാ ജഡ്ജിയായും, ശ്രീ. ഡി. ബാബുപോൾ കേരള സർക്കാരിന്റെ അഡിഷണൽ ചീഫ് സെക്രട്ടറിയായും ശ്രീ. കെ. മോഹനചന്ദ്രൻ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ചെയർമാനായും പ്രവർത്തിച്ചിരുന്നു. പ്രൊഫ. ടി. വി. ബാലൻ, പ്രൊഫ. ആർ ബാലകൃഷ്ണൻ നായർ എന്നിവർ സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചശേഷം പൊതു പ്രവർത്തനത്തിലേർപ്പെട്ടിരുന്നവരുമാണ്.

(സി)

പ്രതിമാസം ശമ്പളം	:	26,000 രൂപ
ക്ഷാമബത്ത	:	10,660 രൂപ
വീട്ടുവാടക അലവൻസ്	:	10,000 രൂപ
സി.സി.എ	:	180 രൂപ
സാഞ്ചറിഅലവൻസ്	:	2,000 രൂപ

ഓംബുഡ്സ്മാൻ അംഗങ്ങൾക്ക് ഹൈക്കോടതി ജഡ്ജിയുടെ അതേ ശമ്പളത്തിനും ബത്തക്കും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

അംഗം	ശമ്പളം (രൂപ)	അലവൻസ് (രൂപ)	മറ്റാനുകൂല്യങ്ങൾ (വാട്ടർ ചാർജ്ജ് ടെലിഫോൺ, ന്യൂസ്പേപ്പർ ഇല:സിറ്റി മുതലായവ (രൂപ)	പെട്രോൾ അലവൻസ്	ടി.എ ഡി.എ
1. ശ്രീ. പി. എ. മുഹമ്മദ്	1,49,752	84,216	50,092	25,476	28,493
2. ശ്രീ. എം .എ. നിസാർ	2,08,865	1,67,746	19,919	17,860	1,500
3. ശ്രീ.പി. എസ്. ദിവാകരൻ	2,08,839	1,82,649	10,334	23,130	4,200
4. ശ്രീ.കെ.മോഹന ചന്ദ്രൻ	2,08,839	1,82,649	10,528	15,924	10,000
5. ഡോ.ഡി.ബാബുപോൾ	2,08,839	1,82,649	29,177	24,984	21,538
6. പ്രൊഫ.ടി.വി.ബാലൻ	1,97,995	1,82,651	2,546	14,982	—
7. പ്രൊഫ.ആർ. ബാലകൃഷ്ണൻ നായർ	1,97,294	1,82,650	4,174	25,740	5,700

ഇതിനു പുറമെ ഔദ്യോഗിക വസതി ഫർണീഷ് ചെയ്യാൻ ജസ്റ്റീസ് പി. എ. മുഹമ്മദിന് 93,000രൂപയും ശ്രീ. പി. എസ്. ദിവാകരന് 60,000 രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ഇ) ജനകീയാസൂത്രണത്തിലെ അഴിമതി ഉൾപ്പെടെ നാളിതുവരെ 1796 പരാതികൾ ലഭിച്ചു.

(എഫ്) 2000 സെപ്റ്റംബറിൽ ഓംബുഡ്സ്മാൻ പ്രവർത്തനം തുടങ്ങിയതു മുതൽ 467 കേസുകളിൽ തീരുമാനം എടുത്തു.

പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം

75 (1327) ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു യോഗം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ ഫെബ്രുവരി 16-ാം തീയതി കൂടുകയുണ്ടായോ ;

(ബി) ഇതിൽ എത്ര പഞ്ചായത്ത് പ്രസിഡന്റുമാർ ഹാജരായിരുന്നു ;

(സി) ഈ യോഗത്തിന്റെ അജണ്ടയിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഉൾപ്പെടുത്തിയിരുന്നുവോ ;

(ഡി) ഈ യോഗത്തിന്റെ അറിയിപ്പ് എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും ലഭിച്ചിരുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly